പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

1963-ലെ കേരള ഭൂപരിഷ്കരണ
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 102-ാം വകുപ്പിന്റെ ഭേദഗതി.—1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിന്റെ (1964-ലെ 1) 102-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "106-ാം വകുപ്പോ അല്ലെങ്കിൽ 106 എ എന്ന വകുപ്പോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും അക്ഷരത്തിനും പകരം "106-ാം വകുപ്പോ 106 എ എന്ന വകുപ്പോ 106 ബി എന്ന വകുപ്പോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിന്റെ 102-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഗവൺമെന്റിനോ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പോ, 13 എ എന്ന വകുപ്പ് (3)-ാം ഉപവകുപ്പോ, 22-ാം വകുപ്പോ, 23-ാം വകുപ്പോ, 26-ാം വകുപ്പ് (2)-ാം ഉപവകുപ്പോ (തേർച്ചചെയ്യുതായ കുടിശിക പാട്ടത്തിന്റെ തുക അഞ്ഞൂറ് രൂപയിൽ കവിയുന്ന സംഗതിയിൽ), 31-ാം വകുപ്പോ, 47-ാം വകുപ്പോ, 48-ാം വകുപ്പ് (3)-ാം ഉപവകുപ്പോ, (4)-ാം ഉപവകുപ്പോ, 49-ാം വകുപ്പ് (3)-ാം ഉപവകുപ്പോ, 52-ാം വകുപ്പ് (6)-ാം

ഉപവകുപ്പോ, 57-ാം വകുപ്പോ, 66-ാം വകുപ്പ് (5)-ാം ഉപവകുപ്പോ, 72 എഫ് എന്ന വകുപ്പോ, 73-ാം വകുപ്പോ, 77-ാം വകുപ്പ് (2)-ാം ഉപവകുപ്പോ, 80 ബി എന്ന വകുപ്പോ, 90-ാം വകുപ്പ് (4)-ാം ഉപവകുപ്പോ, 106-ാം വകുപ്പോ 106 എ എന്ന വകുപ്പോ പ്രകാരമുള്ള ലാന്റ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകം അപ്പീൽ അധികാരസ്ഥാനത്തിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

2. 106 ബി എന്ന വകുപ്പ് പ്രകാരമുള്ള ലാന്റ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിനെതിരെ നിലവിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് വ്യവസ്ഥയില്ല. 7 ഇ വകുപ്പിൻകീഴിൽ ഒരു കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട ലാന്റ് ട്രൈബ്യൂണലിന്റെ 106 ബി എന്ന വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീലിനുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. രാജൻ

(ശരിത്തർജ്ജമ)

## 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1964-ലെ 1)

** ** ** **

102. അപ്പീൽ അധികാരസ്ഥാനത്തിന്റെ അടുക്കൽ അപ്പീൽ.—(1) ഗവൺമെന്റിനോ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പോ, 13എ എന്ന വകുപ്പ് (3)-ാം ഉപവകുപ്പോ, 22-ാം വകുപ്പോ, 23-ാം വകുപ്പോ, 26-ാം വകുപ്പ് (2)-ാം ഉപവകുപ്പോ (തേർച്ചചെയ്യുതായ കുടിശിക പാട്ടത്തിന്റെ തുക അഞ്ഞൂറ് രൂപയിൽ കവിയുന്ന സംഗതിയിൽ), 31-ാം വകുപ്പോ, 47-ാം വകുപ്പോ, 48-ാം വകുപ്പ് (3)-ാം ഉപവകുപ്പോ, (4)-ാം ഉപവകുപ്പോ, 49-ാം വകുപ്പ് (3)-ാം ഉപവകുപ്പോ, 52-ാം വകുപ്പ് (6)-ാം ഉപവകുപ്പോ, 57-ാം വകുപ്പോ, 66-ാം വകുപ്പ് (5)-ാം ഉപവകുപ്പോ, 72എഫ് എന്ന വകുപ്പോ, 73-ാം വകുപ്പോ, 77-ാം വകുപ്പ് (2)-ാം ഉപവകുപ്പോ, 80ബി എന്ന വകുപ്പോ, 90-ാം വകുപ്പ് (4)-ാം ഉപവകുപ്പോ, 106-ാം വകുപ്പോ അല്ലെങ്കിൽ 106എ എന്ന വകുപ്പോ പ്രകാരമുള്ള ലാൻഡ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകം അപ്പീൽ അധികാരസ്ഥാനത്തിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **